● ഖുർആൻ ആശയ വിവരണം

കെ പി സകരിയ്യ

# എഴുന്നേൽക്കൂ, മുന്നറിയിപ്പ് നൽകൂ

(അധ്യായം 74 • മുദ്ദഥിർ

يَٰٓأَيُّهَا ٱلْمُدَّثِّرُ ﴿١﴾ قُمْ فَأَنذِرْ ﴿٢﴾ وَرَبَّكَ فَكَبِّرْ
﴿٣﴾ وَثِيَابَكَ فَطَهِّرْ ﴿٤﴾ وَٱلرُّجْزَ فَٱهْجُرْ ﴿٥﴾
وَلَا تَمْنُن تَسْتَكْثِرُ ﴿٦﴾ وَلِرَبِّكَ فَٱصْبِرْ ﴿٧﴾
فَإِذَا نُقِرَ فِى ٱلنَّاقُورِ ﴿٨﴾ فَذَٰلِكَ يَوْمَئِذٍ يَوْمٌ
عَسِيرٌ ﴿٩﴾ عَلَى ٱلْكَٰفِرِينَ غَيْرُ يَسِيرٍ ﴿١٠﴾

1. ഹേ, പുതച്ചു മൂടിക്കിടക്കുന്നവനേ,
2. എഴുന്നേൽക്കൂ, മുന്നറിയിപ്പ് നൽകൂ.
3. നിന്റെ രക്ഷിതാവിന്റ മഹത്വം വാഴ്ത്തൂ.
4. നിന്റെ ഉടയാടകൾ ശുദ്ധിയാക്കൂ.
5. അഴുക്കുകളിൽ നിന്ന് അകന്നുനിൽക്കൂ.
6. അധികം തിരിച്ചുകിട്ടണമെന്ന വിചാരത്തോടെ ദാനം ചെയ്യരുത്.
7. നിന്റെ രക്ഷിതാവിനുവേണ്ടി ക്ഷമിക്കൂ.
8. എന്നാൽ കാഹളത്തിൽ ഊതപ്പെട്ടാൽ,
9. അന്ന് അത് ഒരു പ്രയാസകരമായ ദിനമായിരിക്കും.
10. സത്യനിഷേധികൾക്ക് അതൊട്ടും എളുപ്പമായിരിക്കില്ല.

## ആമുഖം

74-ാം അധ്യായമായ ഈ സൂറയിൽ 56 വചനങ്ങൾ അടങ്ങുന്നു. ഇത് മക്കിയ്യായ അധ്യായമാണ്. സൂറ അലഖിനുശേഷം അവതരിച്ച അധ്യായമാണ് ഇതെന്നാണ് പ്രബലമായ അഭിപ്രായം. പ്രബോധന പ്രവർത്തനം സമാരംഭിക്കുന്നതിനുള്ള നിർദേശങ്ങൾ നൽകിക്കൊണ്ട് ആരംഭിക്കുന്നു. ശിർക്കിന്റെ ഗൗരവം ബോധ്യപ്പെടുത്തുന്നു. നരകത്തിന്റെ വിശേഷണം വിശദീകരിക്കുന്നു. അവിശ്വാസികൾക്ക് താക്കീത് നൽകുകയും ശത്രുക്കളിൽ നിന്നുള്ള ദ്രോഹങ്ങളെ ക്ഷമിക്കാൻ ആഹ്വാനം ചെയ്യുകയും ചെയ്യുന്നു. ഖുർആനിന്റെ സത്യത ബോധ്യപ്പെട്ടതിനുശേഷം ഭൗതിക മോഹങ്ങളാൽ അതിനെ തള്ളിക്കളഞ്ഞ പൗരപ്രമുഖനായ വലീദുബ്നു മുഗീറയെ ശക്തമായി വിമർശിക്കുന്നു. നരകത്തിന്റെ കാവൽക്കാരെപ്പറ്റി പരാമർശിക്കുന്നു. ചന്ദ്രനെയും രാത്രിയെയും പകലിനെയും സാക്ഷിയാക്കി പാരത്രിക ദിനത്തിന്റെ ഗൗരവം വിശകലനം ചെയ്യുന്നു. ഓരോ വ്യക്തിയും തന്റെ കർമങ്ങൾക്കും ചെയ്തികൾക്കും ഉത്തരവാദിയാണെന്ന് ഓർമപ്പെടുത്തുന്നു. വിശ്വാസകാര്യങ്ങളിലും സദുപദേശങ്ങൾ പരിഗണിക്കുന്നതിലും മുശ്‌രിക്കുകൾ കാണിക്കുന്ന ഉദാസീനതയെ ചൂണ്ടിപ്പറഞ്ഞുകൊണ്ട് ഈ അധ്യായം സമാപിക്കുന്നു.

## പദവിശകലനം

يا أُيُّهَا ഹേ, الْمُدَّثِر പുതച്ചു മൂടിക്കിടക്കുന്നവനേ, قُم എഴുന്നേൽക്കുക, فأنذر മുന്നറിയിപ്പ് നൽകുക, وَرَبِّكَ നിന്റെ രക്ഷിതാവിന്റെ, فَكَبِّر മഹത്വം വാഴ്ത്തുക, وَثِيَابِكَ നിന്റെ ഉടയാടകൾ, فَطَهِّر ശുദ്ധിയാക്കൂ, وَالرُّجْزَ അഴുക്കുകളിൽ നിന്ന്, فَأَهْجُر അകന്നു നില്ക്കൂ, وَلاَتَمنُن നീ ഉപകാരം ചെയ്യരുത്, تَستكثِر അധികം തിരിച്ചുകിട്ടണമെന്ന വിചാരത്തോടെ, وَلِرَبِّكَ നിന്റെ രക്ഷിതാവിനുവേണ്ടി, فَاصبر നീ ക്ഷമിക്കൂ, فإذا نُقِرَ എന്നാൽ ഊതപ്പെട്ടാൽ فِي النَّاقُور കാഹളത്തിൽ, فذالك എന്നാൽ അത്, يومئذ അന്ന്, يوم عسِير പ്രയാസകരമായ ദിനമായിരിക്കും, عَلَى الكَافِرِين സത്യനിഷേധികൾക്ക്, غير يسير അതൊട്ടും എളുപ്പമായിരിക്കില്ല.

## ആശയം

വഹ്‌യിന്റെ ആഗമനത്തിൽ ഭയക്രാന്തനായ പ്രവാചകൻ പ്രിയതമയുടെ അരികിൽ ഓടിയെത്തി തന്നെ പുതപ്പിട്ട് മൂടാൻ ആവശ്യപ്പെടുന്നു. ശത്രുക്കളിൽ പ്രമുഖരുടെ വിമർശനത്തിന്റെ പ്രഹരത്തിൽ ഷോക്കേറ്റ് പുതപ്പിട്ട് മൂടിക്കിടക്കുന്ന പ്രവാചകൻ. നിദ്രയുടെ ആശ്വാസത്തിൽ പുതപ്പിനകത്ത് കുടികൊള്ളുന്ന പ്രവാചകൻ. പ്രവാചകത്വത്തിന്റെ വസ്ത്രത്താൽ ആവരണമണിഞ്ഞ ദൈവദൂതരേ, അങ്ങ് പുതപ്പിട്ട് മൂടി ഉറ

ങ്ങേണ്ടവനോ ജനങ്ങളിൽ നിന്നകന്ന് ധ്യാനനിമഗ്നനായി ഏകനായി കഴിയേണ്ടവനോ അല്ല. നിദ്രയുടെ ആലസ്യത്തിൽ നിന്ന് പുതപ്പെടുത്തുമാറ്റി കർമത്തിന്റെ ഗോദയിലേക്ക് എഴുന്നേറ്റുവരിക. വരാനിരിക്കുന്ന ഭയാനകമായ ശിക്ഷയുടെ ആഘാതത്തെപ്പറ്റി മുന്നറിയിപ്പ് നൽകുക. ഏകനായ സ്രഷ്ടാവിനെ വിട്ട് അന്യ ദൈവങ്ങളെ ആരാധിക്കുന്നതിന്റെ ആപൽക്കരമായ പരിണാമത്തെപ്പറ്റി അവരെ ഉദ്ബോധിപ്പിക്കുക. സ്രഷ്ടാവിന്റെ ഔന്നത്യം പ്രഘോഷിക്കുക. അവന്റെ മഹത്വം വാഴ്ത്തുക. അല്ലാഹു അക്ബർ ഉരുവിടുക. നമസ്കാരത്തിന്റെ പ്രഥമ പ്രഖ്യാപനമായ അല്ലാഹു അക്ബർ നിരന്തരം അധരങ്ങളിൽ നിന്നുതിരട്ടെ. നിന്റെ വ്യക്തിത്വത്തിന്റെ ആവരണങ്ങളെ നീ ശുദ്ധമാക്കുക. നിന്റെ പുറവും അകവും നീ മാലിന്യമുക്തമാക്കുക. നിന്റെ വസ്ത്രവും മനവും വൃത്തിയുള്ളതും ശുഭ്രവുമാക്കുക. നിന്റെ വസ്ത്രത്തിൽ പറ്റിപ്പിടിച്ച പൊടിപടലങ്ങളും ചെളിയും വൃത്തികേടുകളും നീ അലക്കി ശുദ്ധമാക്കുക.

നിന്റെ മനസ്സിൽ നിന്ന് കള്ളം പറയൽ, കള്ളസാക്ഷ്യം, വിദ്വേഷം, പക, ബന്ധവിച്ഛേദനം, അസൂയ, അഹന്ത, ഈഗോ എന്നീ മാലിന്യങ്ങൾ കഴുകിക്കളയുക. തിളങ്ങുന്ന സൽസ്വഭാവങ്ങൾകൊണ്ട് അകതാരിനെ ആകർഷകമാക്കുക. വിഗ്രഹങ്ങൾ, പ്രതിഷ്ഠകൾ, ശിക്ഷാർഹമായ കുറ്റകൃത്യങ്ങളുടെ മാലിന്യങ്ങൾ എന്നിവ ദൂരെയെറിയുക.

പ്രവാചകാ! പ്രബോധകാ! നിന്നോട് കൽപിക്കപ്പെട്ട സൽകാര്യങ്ങൾ ജനങ്ങൾക്കെത്തിക്കുന്നതിൽ നീ നിസ്വാർഥനും നിഷ്കാമ കർമിയുമാവുക. സ്വയം മേന്മ നടിക്കാൻ ശ്രമിക്കരുത്. ക്ഷമയോടെ, വിനയത്തോടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റുക. ദൈവപ്രീതി മാത്രം കാംക്ഷിക്കുക. ജനങ്ങളുടെ പ്രശംസയും അംഗീകാരവും ധനസഹായവും ഒട്ടും പ്രതീക്ഷിക്കേണ്ട. നിസ്വാർഥമായ കർമങ്ങൾക്ക് ഭാവിയിൽ അവരിൽ നിന്ന് കൂടുതൽ പ്രത്യുപകാരങ്ങൾ ലഭിക്കണമെന്ന മോഹവും വേണ്ട. ഭൗതികമായ പ്രശസ്തിയാണ് കാംക്ഷിക്കുന്നതെങ്കിൽ ദുനിയാവാണ് കണ്ണിൽ മഹത്തരമായിത്തീരുന്നത്. അങ്ങനെയുള്ളവൻ പ്രവാചകനോ പ്രബോധകനോ ആകാൻ യോഗ്യനല്ല.

ദൈവമാർഗത്തിൽ നീ അചഞ്ചലനായി നിലകൊള്ളുക. സഹനത്തിന്റെ സരണിയെ പുൽകുക. പണത്തിനും പ്രശസ്തിക്കും വേണ്ടി പരിശ്രമിച്ചവന്റെ മാർഗം വെടിയുക. സ്രഷ്ടാവിന്റെ തൃപ്തിക്കായി അത്യധികം ക്ഷമാലുവായിത്തീരുക. അവർ വിഗ്രഹങ്ങളെ മഹത്വവത്കരിക്കുമ്പോൾ താങ്കൾ നാഥന്റെ മഹത്വം വാഴ്ത്തുക. അവർ മനസ്സും ശരീരവും വസ്ത്രവും മലിനമാക്കുമ്പോൾ താങ്കൾ അവയെ പരിശുദ്ധമാക്കിവെക്കുക. അവർ പാപങ്ങളിൽ മുഴുകുമ്പോൾ താങ്കൾ അവയെ വിട്ടൊഴിഞ്ഞു നിൽക്കുക. അവർ ദുനിയാവിൽ അധികം പ്രതീക്ഷിച്ച് കർമങ്ങൾ ചെയ്യുമ്പോൾ താങ്കൾ സ്രഷ്ടാവിന്റെ പ്രതിഫലം മാത്രം ലക്ഷ്യംവെക്കുക. അങ്ങനെ സത്യമാർഗത്തിൽ സഹനമവലംബിച്ച് ഉറച്ചുനിൽക്കുക.

നിഷേധികളെ അന്ത്യനാളിന്റെ പരിണാമത്തെക്കുറിച്ച് ഓർമിപ്പിക്കുക. കാഹളത്തിൽ ഊതപ്പെടുന്ന ദിനം വളരെ വിഷമം പിടിച്ചതാണ്. നിഷേധികൾ അന്ന് സ്വന്തം വിചാരണക്കായി മുറവിളികൂട്ടും. അവരുടെ കർമപുസ്തകം ഇടതുകൈയിൽ നൽകപ്പെടും. അപ്പോൾ അവരുടെ മുഖം കറുത്തു കരുവാളിക്കും. കണ്ണുകൾ തള്ളിപ്പോവും. അവയവങ്ങൾ സംസാരിക്കും. നിഷേധികൾക്ക് ആ നാൾ ഒട്ടും എളുപ്പമായിരിക്കില്ല. അതിനാൽ സത്യനിഷേധത്തിന്റെ മരുപ്പറമ്പ് വിട്ട് സത്യവിശ്വാസത്തിന്റെ ശാദ്വലഭൂമിയെ പുൽകുക.

## അധ്യായ അവതരണ സന്ദർഭം

ഈ അധ്യായം അവതരിച്ചതുമായി ബന്ധപ്പെട്ടുവന്ന ചില നബിവചനങ്ങൾ ശ്രദ്ധേയമാണ്:

**عن جابر بن عبد الله قال حدثنا رسول الله (ص) فقال: جاوزت بجراء، فلما قصيت جوارى هبطت فنوديت فنظرت عن يَمِيني فلم أر شيئا ونظرت عن شمالى فلم أر شيئا ونظرت أمامى فلم أر شيئا ونظزت خلفى فلم أر شيئا فرفعت رأسي فرأيت شيئا فأتيت خديجة فقلت دثروني وصبقوا عليّ ماءا باردا قال: فدثزنى وصبوا على ماءا باردا قال فنزلت يا أيها المدثر قم فأنذر، وربك فكبر**

നബി(സ)യിൽനിന്ന് ജാബിറുബ്നു അബ്ദുല്ല(റ) ഇപ്രകാരം ഉദ്ധരിക്കുന്നു: "ഞാൻ ഹിറാ ഗുഹയിൽ വസിച്ചു. ഞാൻ അവിടെ നിന്ന് ഇറങ്ങിയപ്പോൾ എന്നെ ആരോ വിളിച്ചു. ഞാൻ എന്റെ വലതുഭാഗത്തേക്കും ഇടതുഭാഗത്തേക്കും മുന്നിലേക്കും പിന്നിലേക്കും നോക്കി. എന്നാൽ യാതൊന്നും തന്നെ ഞാൻ കണ്ടില്ല. അപ്പോൾ ഞാൻ തലയുയർത്തി. ആ സന്ദർഭത്തിൽ ചിലതു ഞാൻ കണ്ടു. ഉടനെ ഞാൻ ഖദീജയുടെ അടുക്കലേക്ക് ചെന്നു. ഞാൻ പറഞ്ഞു: എനിക്ക് പുതച്ചുതരൂ. എന്റെ മേൽ തണുത്ത വെള്ളം ഒഴിക്കൂ. അങ്ങനെ അവർ എന്നെ പുതപ്പിച്ചു. എന്റെ മേൽ തണുത്തവെള്ളം ഒഴിച്ചു. അപ്പോൾ അവതരിപ്പിക്കപ്പെട്ടു: അല്ലയോ പുതച്ചുമൂടിയുറങ്ങുന്ന മനുഷ്യാ! നീ എഴുന്നേറ്റ് ജനങ്ങളെ താക്കീത് ചെയ്യൂ!" (ബുഖാരി 4566).

നിഷേധികൾക്കും വിശ്വാസികൾക്കും പ്രത്യേകമായും പൊതുവിലും മുന്നറിയിപ്പ് നൽകാൻ ഖുർആൻ ആജ്ഞാപിക്കുന്നുണ്ട്. അവിശ്വാസികൾക്കുള്ള മുന്നറിയിപ്പ് ﴿وَتُنذِرَ بِهِۦ قَوۡمًا لُّدًّا ٩٧﴾ "ഇതുവഴി ധിക്കാരികളെ താക്കീതു ചെയ്യുവാനും വേണ്ടി" (മർയം 97).

إِنَّمَا تُنذِرُ مَنِ ٱتَّبَعَ ٱلذِّكۡرَ وَخَشِيَ ٱلرَّحۡمَٰنَ بِٱلۡغَيۡبِۖ

"മുന്നറിയിപ്പ് ഗൗനിക്കുകയും കരുണാവാരിധിയായ അല്ലാഹുവിനെ കാണാതെത്തന്നെ പേടിക്കുകയും ചെയ്യുന്നവർക്ക് മാത്രമേ നിന്റെ താക്കീത് ഫലപ്പെടുകയുള്ളൂ" (യാസീൻ 110).

أَكَانَ لِلنَّاسِ عَجَبًا أَنۡ أَوۡحَيۡنَآ إِلَىٰ رَجُلٖ مِّنۡهُمۡ أَنۡ أَنذِرِ ٱلنَّاسَ وَبَشِّرِ ٱلَّذِينَ ءَامَنُوٓاْ أَنَّ لَهُمۡ قَدَمَ صِدۡقٍ عِندَ رَبِّهِمۡۗ

"ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകാനും വിശ്വസിച്ചവർക്ക് അവരുടെ രക്ഷിതാവിന്റെയടുക്കൽ ഉയർന്ന പദവിയുണ്ടെന്ന സന്തോഷവാർത്ത അറിയിക്കാനുമായി അവരിൽ നിന്നൊരാൾക്ക് നാം ദിവ്യജ്ഞാനം നൽകിയതിൽ മനുഷ്യർ അത്ഭുതപ്പെടുകയാണോ?" (യൂനുസ് 2) ●